15-10-1999 മുതലും, രണ്ടാം ഗ്രേഡ് ഇലക്ട്രിഷ്യൻ ശ്രീ. എം. എസ്. രാമകൃഷ്ണനെ 6-3-2000 മുതലുമാണ് വിടുതൽ ചെയ്യേണ്ടിയിരുന്നത്.

(ഡി & ഇ) പകരക്കാരെ നിയമിക്കാത്തതിനാൽ ശ്രീ. വേണുഗോപാലിനും ശ്രീ. എം. എസ്. രാമകൃഷ്ണനും ഷൊർണ്ണൂർ പ്രസ്സിൽ നിന്നും ശമ്പളം നൽകുന്നു.

സ്കൂൾ പാഠ്യപദ്ധതിയുടെ ആധുനികവൽക്കരണം സംബന്ധിച്ച്

53 (2928) ശ്രീ. എം. പി. വർഗ്ഗീസ് :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. എളമരം കരീം :
ശ്രീ. എൻ. ആർ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള സ്കൂൾ പാഠ്യപദ്ധതി ആധുനികവൽകരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ബി) ഇൻഫർമേഷൻ ടെക്നോളജി സ്കൂൾ തലം മുതൽ നടപ്പാക്കി തുടങ്ങുന്നതിന്റെ മുന്നോടിയായി സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ കമ്പ്യൂട്ടർ നൽകുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) എങ്കിൽ ഇതു സംബന്ധമായ കാര്യങ്ങൾ വിശദമാക്കുമോ ;

(ഡി) അടുത്ത അദ്ധ്യയനവർഷം മുതൽ ഐ. ടി. സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നിലവിലുള്ള സ്കൂൾ പാഠ്യ പദ്ധതി ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി സ്കൂൾ പാഠ്യപദ്ധതിയെ സംബന്ധിക്കുന്ന ഒരു സമീപനരേഖയ്ക്ക് രൂപം കൊടുക്കുകയുണ്ടായി. ഈ സമീപനരേഖ അടിസ്ഥാനമാക്കി വിശദമായ ചർച്ചകൾക്ക് ശേഷം കരിക്കുലം സമഗ്രമായി പരിഷ്ക്കരിക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

(ബി & സി) തെരഞ്ഞെടുക്കപ്പെട്ട ഗവൺമെന്റ് ഹൈസ്കൂളുകളിൽ ഇപ്പോൾ തന്നെ കമ്പ്യൂട്ടർ പഠനം നിലവിലുണ്ട്. യു.പി. ക്ലാസ്സുകളിൽ കമ്പ്യൂട്ടർ അവബോധം വ്യാപിപ്പിക്കുവാനും 8-ാം ക്ലാസ് മുതൽ കമ്പ്യൂട്ടറിനെ പഠന പ്രക്രീയയിൽ ഉൾപ്പെടുത്തുവാനും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പഞ്ചായത്തുകളുടെ സഹായവും വിദേശമലയാളികളുടെ സഹകരണവും പി.ടി.എ. യുടെ പങ്കാളിത്തവും വഴി ആവശ്യമായ കമ്പ്യൂട്ടറുകൾ ലഭ്യമാക്കാനാണ് ആലോചിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 2000-2001 അക്കാദമിക വർഷം മുതൽ തുടക്കമെന്ന നിലയിൽ 7-ാം ക്ലാസ്സിൽ കമ്പ്യൂട്ടർ വിദ്യാഭ്യാസം ആരംഭിക്കുന്നതാണ്.

സ്കൂളുകളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് നിമിത്തം ഔപചാരിക വിദ്യാഭ്യാസത്തിന് അവസരം നഷ്ടപ്പെട്ടവർ

54 (2929) ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂളുകളിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് നിമിത്തം ഔപചാരിക വിദ്യാഭ്യാസത്തിന് അവസരം നഷ്ടമായവർക്കായി തിരുവനന്തപുരത്തെ സി. ഡിറ്റ് വിഭാവന ചെയ്തിട്ടുള്ള 'റീച്ചിംഗ് ദ അൺ റീച്ച്ഡ്' എന്ന പദ്ധതിക്ക് (ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ത്രൂ ടെലിവിഷൻ, വിഷ്വൽ മീഡിയ കോൺസ്പോണ്ടൻസ് കോഴ്സ്) സർക്കാർ അംഗീകാരവും അനുമതിയും നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റിയുടെ ഫുഡോളം കോഴ്സുകൾ നടത്തുവാനുദ്ദേശിക്കുന്ന ഈ പദ്ധതിക്ക് അംഗീകാരം നൽകുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ ;

(സി) ഉണ്ടെങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(ഡി) ഇല്ലെങ്കിൽ അടുത്ത ബഡ്ജറ്റിൽ ഈ പദ്ധതിക്ക് ആവശ്യമായ തുക നീക്കി വയ്ക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു വരുന്നു.

സർക്കാർ ഹൈസ്കൂളുകളിൽ ഡെപ്യൂട്ടി ഹെഡ്മാസ്റ്റർ തസ്തിക

55 (2930) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സർക്കാർ ഹൈസ്കൂളുകളിൽ ഡെപ്യൂട്ടി ഹെഡ്മാസ്റ്റർ തസ്തികയിലേയ്ക്കുള്ള നിയമനത്തിനുള്ള യോഗ്യതയും നിയമനത്തിനുള്ള മാനദണ്ഡവും എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) നിയമനത്തിന് സർവ്വീസ് ദൈർഘ്യം കണക്കാക്കുമ്പോൾ അദ്ധ്യാപകരുടെ എയിഡഡ് സ്കൂൾ സർവ്വീസ് കൂടെ പരിഗണിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) ട്രെയിനിംഗ് ഇല്ലാതെ സർവ്വീസിൽ പ്രവേശിക്കുന്നവർ ട്രെയിനിംഗ് യോഗ്യത നേടാതിരുന്നാൽ എക്സംപ്ഷൻ നൽകാറുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അവരുടെ സീനിയോറിറ്റി അംഗീകരിച്ചു നൽകുന്നത് ഏത് തീയതി മുതലാണെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly